# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.506 10.06.2014-ൽ മറുപടിക്ക്

ചോദ്യം

ശ്രീ. എം. ഉമ്മർ

ഉത്തരം

**ശ്രീ.കെ.എം.മാണി**
ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി

## റവന്യൂകമ്മി കുറയ്ക്കുന്ന പദ്ധതി

| | | |
|---|---|---|
| (എ) | ബഡ്ജറ്റിലെ റവന്യൂ കമ്മി കുറയ്ക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | വിവിധ സ്രോതസ്സുകളിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കുന്ന റവന്യൂ വരുമാനം വർദ്ധിപ്പിച്ചും വികസനേതര റവന്യൂ ചെലവുകളിൽ നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ടും റവന്യൂ കമ്മി കുറയ്ക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി റവന്യൂ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഊർജ്ജിത നികുതി പിരിവ് യജ്ഞം നടത്താനും നികുതി-നികുതിയേതര വരവിനങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള എല്ലാ ഉപാധിരഹിത സ്റ്റേ ഉത്തരവുകളും പിൻവലിക്കാനും അത്തരം ഉപാധിരഹിത സ്റ്റേ ഉത്തരവുകൾ ഭാവിയിൽ പുറപ്പെടുവിക്കാതിരിക്കാനുമുള്ള നിർദ്ദേശം 11.10.2013 ലെ സ.ഉ(പി) നം.515/13/ധന പ്രകാരം പുറപ്പെടുവിച്ച്, തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ നികുതി പിരിവ് സംബന്ധമായി വിവിധ കോടതികൾ പുറപ്പെടുവിച്ചിട്ടുള്ള സ്റ്റേ ഉത്തരവുകൾ പിൻവലിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വകുപ്പുതലത്തിൽ പുറപ്പെടുവിച്ചിട്ടുള്ള സ്റ്റേ ഉത്തരവുകൾ റദ്ദാക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി വിവിധ വകുപ്പുകളിൽ നിലവിലുള്ള ഫീസ്, ചാർജ് മുതലായവ കാലികമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കാനുതകുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കു |

| | | |
|---|---|---|
| | | ന്നതിനായി ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ അദ്ധ്യക്ഷനായി കമ്മിറ്റി രൂപീകരിച്ചുകൊണ്ട് 28.04.2014-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച് (G.O(P)No.151/2014/Fin) തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ബഡ്ജറ്റിൽ നിന്നുള്ള സബ്സിഡികൾ എത്ര രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കാമോ; | ബഡ്ജറ്റിൽ നിന്നുള്ള സബ്സിഡികൾ നിജപ്പെടുത്തിക്കൊണ്ട് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടില്ല. |
| (സി) | ബഡ്ജറ്റിൽ അധികബാധ്യത കുറയ്ക്കുന്നതിനും അധികവരുമാനം ലഭ്യമാക്കുന്നതിനും പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനഃസംഘടന സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | പൊതുമേഖലാസ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണമുൾപ്പെടെയുള്ള നവീകരണ വിപുലീകരണ പദ്ധതികൾ ആവിഷ്കരിച്ച് വിറ്റുവരവ് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ